# മലർവാടി

**കുട്ടികളുടെ ദ്വൈവാരിക**

2018 മെയ് 16, പുസ്തകം 38, ലക്കം 14




## മലർമൊഴി

**ജീവന്റെ ജ്വാല**
**അന്യരിൽ നിന്നും**
**കടംകൊള്ളാനാവില്ല.**
**സ്വന്തം ആത്മാവിന്റെ**
**ആലയിൽ തന്നെ**
**ജ്വലിപ്പിച്ചെടുക്കണം.**

**മഹാകവി അല്ലാമ ഇഖ്ബാൽ**

അവിഭക്ത ഭാരതത്തിൽ മഹാകവി ടാഗോറിനെപ്പോലെ വിഖ്യാതനായ മറ്റൊരു കവിയായിരുന്നു അല്ലാമ മുഹമ്മദ് ഇഖ്ബാൽ. 1877– 1938 കാലത്താണ് അദ്ദേഹം ജീവിച്ചത്. തത്വചിന്തകനും രാഷ്ട്രീയ നേതാവും കൂടിയായിരുന്നു ഇഖ്ബാൽ. പാർസി, ഉർദു, ഇംഗ്ലീഷ് ഭാഷകളിലായി നിരവധി കവിതകളും ഗദ്യകൃതികളും രചിച്ചിട്ടുണ്ട്. അവയിൽ പലതും യൂറോപ്യൻ ഭാഷകളിലും മലയാളം ഉൾപ്പെടെയുള്ള പൗരസ്ത്യഭാഷകളിലും തർജമ ചെയ്യപ്പെട്ടിരിക്കുന്നു. ‘സാരെ ജഹാൻസെ അച്ഛാ...’ എന്ന ദേശാഭിമാന ഗീതം കൂട്ടുകാർ ധാരാളം കേട്ടിരിക്കുമല്ലോ. ഇഖ്ബാൽ ആണ് അതിന്റെ രചയിതാവ്.

കവി ഇവിടെ ജീവന്റെ ജ്വാലയായി വർണ്ണിക്കുന്നത് വ്യക്തിത്വത്തിന്റെ പ്രകാശനത്തെയാണ്. അതായത്, നിങ്ങളുടെ സ്വഭാവസവിശേഷതകൾ, ജന്മവാസനകൾ, കഴിവുകൾ ഇതൊന്നും മറ്റൊരാളിൽ നിന്ന് സ്വീകരിക്കാനാ


Editor **T.K. Ubaid** Executive Editor **P.A. Nazimudeen** | Sub Editor **Mehd Maqbool**
Layout & Graphics **Salim geeroad** | Technical Support **Fahis Ali** Cover Photo **Abhishek C.Jayaprakash**
e-mail malarvadimag@gmail.com | **www.malarvadi.net**
Circulation 0495 2732555 Manager 0495 2730073 | e-mail **managerprabodhanamclt@gmail.com**

# ഇവർ രാജകുമാരൻമാർ

സത്യഗ്രഹികളുടെ രാജകുമാരൻ - ഗാന്ധിജി
രക്തസാക്ഷികളുടെ രാജകുമാരൻ - ഭഗത് സിംഗ്
സഞ്ചാരികളുടെ രാജകുമാരൻ - ഇബ്നു ബത്തൂത്ത
ദേശസ്നേഹികളുടെ രാജകുമാരൻ - സുബാഷ് ചന്ദ്രബോസ്
തത്വചിന്തകരിലെ രാജകുമാരൻ - അരിസ്റ്റോട്ടിൽ
കൊള്ളക്കാരുടെ രാജകുമാരൻ - റോബിൻഹുഡ്
മധ്യകാല സഞ്ചാരികളുടെ രാജകുമാരൻ - മാർക്കോ പോളോ
ചിത്രകാരൻമാരിലെ രാജകുമാരൻ - റാഫേൽ
കവികളിലെ രാജകുമാരൻ - കാളിദാസൻ
നിർമ്മിതികളുടെ രാജകുമാരൻ - ഷാജഹാൻ

-എം



വില്ല. നിങ്ങളുടേതായി മറ്റുള്ളവർക്ക് കൊടുക്കാനും കഴിയില്ല. സച്ചിദാനന്ദന്റെ കാവ്യപ്രതിഭ, അല്ലെങ്കിൽ സച്ചിൻ ടെണ്ടുൽക്കറുടെ ക്രിക്കറ്റ് വൈഭവം നിങ്ങൾക്ക് തരാൻ അവർക്ക് കഴിയുമോ? ദൈവം എല്ലാ മനുഷ്യരെയും ഒരേ കഴിവുകളോടെയും വാസനകളോടെയുമല്ല സൃഷ്ടിച്ചിരിക്കുന്നത്. കഴിവുകളും വാസനകളും പ്രതിജനഭിന്നമാണ്.

ഓരോരുത്തരും അവരവരുടെ കഴിവുകളും വാസനകളും കണ്ടെത്തി സ്വയം വികസിപ്പിക്കണം. അപ്പോഴാണ് നിങ്ങൾ നിങ്ങളായി വളരുക. ദൈവം നമ്മിൽ നിക്ഷേപിച്ച കഴിവുകളും വാസനകളും ചിലപ്പോൾ അലസതയുടെയും അശ്രദ്ധയുടെയും നൈമിഷിക ഭ്രമങ്ങളുടെയും ചാരം മൂടിക്കിടക്കുകയാവും. ആ ചാരം വകഞ്ഞു മാറ്റി അതിനടിയിൽ ഒളിഞ്ഞു കിടക്കുന്ന സർഗശക്തികളുടെ തീപ്പൊരികൾ ഊതി കത്തിക്കേണ്ടത് നമ്മൾ തന്നെയാണ്.

നമ്മിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകൾ, അത് കൃഷി താൽപര്യമായാലും ശാസ്ത്രാഭിരുചിയായാലും സാഹിത്യ പ്രതിഭയായാലും എല്ലാം മനുഷ്യർക്കാവശ്യമുള്ളതാണ്. അത് തിരിച്ചറിഞ്ഞ് ജ്വലിപ്പിക്കുമ്പോഴാണ് നിങ്ങൾ ഈ ലോകത്തിന് ആവശ്യമുള്ള ആദരണീയനായ വ്യക്തിയായിത്തീരുന്നത്.

ജീവന്റെ ജ്വാലയെ തിരിച്ചറിയാനും ജ്വലിപ്പിക്കാനും ആരെയും കാത്തിരിക്കേണ്ടതില്ല. അതു നിങ്ങൾ സ്വയം ചെയ്യണം. നിരന്തരമായ പ്രയത്നവും ഉൽക്കർഷേച്ഛയുമാണതിന് വേണ്ടത്. ആ പ്രയത്നത്തിൽ നിങ്ങൾക്ക് മറ്റുള്ളവരെ പ്രചോദനകേന്ദ്രമാക്കാം, മാതൃകയാക്കാം. പക്ഷേ മറ്റുള്ളവനല്ല; നിങ്ങളാവാൻ തന്നെയാണ് നിങ്ങൾ ശ്രമിക്കേണ്ടത്.

കേരളത്തിലെ അതിപ്രമുഖനായ ഒരെഴുത്തുകാരൻ പറഞ്ഞതോർക്കുകയാണ്: 'ആദ്യകാലത്ത് വൈക്കം മുഹമ്മദ് ബഷീറിനെ അനുകരിച്ച് അദ്ദേഹം എഴുതുന്നതു പോലെ എഴുതാൻ ഞാൻ ആഗ്രഹിച്ചു. ക്രമേണ എനിക്കു മനസ്സിലായി, ബഷീറിന്റെ സാഹിത്യം ബഷീറിന്റേതു മാത്രമാണ്. ഞാൻ എഴുതുന്നത് എന്റേതും.' പിന്നീട് സ്വന്തം സാഹിത്യശൈലി വളർത്തിയെടുത്ത ഇദ്ദേഹം ജ്ഞാനപീഠമുൾപ്പെടെ നിരവധി ദേശീയ-സംസ്ഥാന അവാർഡുകൾ നേടുകയുണ്ടായി.

✦

**പത്രാധിപർ**

ഇന്ത്യയിൽ ആദ്യമായി മൊബൈൽ ഫോൺ സർവീസ് ആരംഭിച്ചത്- കൊൽക്കത്തയിൽ